# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മത്സ്യത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

3283 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൽസ്യം ഉപയോഗിച്ചുളള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(സി) സംസ്ഥാനത്തുടനീളം വിപണനകേന്ദ്രങ്ങളും ഫിഷ് കിയോസ്കുകളും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ</u>

3284 ശ്രീ. കെ. അച്ചുതൻ
'' സണ്ണി ജോസഫ്
'' പി. എ. മാധവൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദ്ദേശ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നത് ; വിശദമാക്കുമോ ;

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മൂല്യവർദ്ധിത മത്സ്യസംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത യൂണിറ്റുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(ഡി) അനുയോജ്യമായ സ്ഥലങ്ങളിൽ പുതിയ മത്സ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മത്സ്യസമൃദ്ധ പദ്ധതി</u>

3285 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യസമൃദ്ധ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) മത്സ്യസമ്പത്ത് എത്ര ടണ്ണായി ഉയർത്തുന്നതിനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) മത്സ്യവിഭവത്തിന്റെ ഗുണമേൻമയും വിനിയോഗവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മത്സ്യസുരക്ഷാ പദ്ധതി</u>

3286 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി വഴി ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്ന് എത്ര ടൺ മത്സ്യ ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മത്സ്യവിപണന മേഖല</u>

3287 ശ്രീ. സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യവിപണന മേഖല നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കോൾഡ് ചെയിൻ പദ്ധതി</u>

3288 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോൾഡ് ചെയിൻ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മൽസ്യവിഭവത്തിന്റെ ഗുണമേൻമയും വിനിയോഗവും ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊളളിച്ചിട്ടുളളത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ഫിഷറീസ് യൂണിവേഴ്സിറ്റി

3289 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് യൂണിവേഴ്സിറ്റിയായ കുഫോസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) യു. ജി. സി. അംഗീകാരത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

3290 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന എത്ര മത്സ്യത്തൊഴിലാളികൾ ആനുകൂല്യങ്ങൾക്ക് അർഹരായിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഉത്തരവു പ്രകാരം ഏതു മാസം വരെയുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഉത്തരവായ ശേഷവും ആനുകൂല്യമായി എത്ര തുക കുടിശ്ശിക നൽകാൻ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം കുടിശ്ശികയുള്ള തുക എന്ന് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യസമ്പത്തിന്റെ ലഭ്യത</u>

3291 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്നും പ്രതിദിനം എത്ര ടൺ മത്സ്യം ഇപ്പോൾ ലഭിക്കുന്നുണ്ട്; ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലോ കുറവോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉൾനാടൻ ജലസ്രോതസ്സുകളിൽ നിന്നുള്ള മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ മത്സ്യഗ്രാമം പദ്ധതി</u>

3292 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മത്സ്യഗ്രാമം പദ്ധതിയിൽ പൂറക്കാട് ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യഗ്രാമം പദ്ധതിയിൽ നിന്നും പുറക്കാട് ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം മണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതി</u>

3293 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ മൂസോടി - അദീക്ക, മുട്ടം - ബങ്കര, ആരിക്കാടി കടവത്ത്, എന്നീ വില്ലേജുകൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ പള്ളിത്തോടിനെ ഉൾപ്പെടുത്തുമെന്ന ഉറപ്പ്</u>

3294 ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ അരൂർ മണ്ഡലത്തിലെ പള്ളിത്തോടിനെ ആദ്യം ഉൾപ്പെടുത്തുകയും പിന്നീട് ഒഴിവാക്കുകയും ചെയ്ത പശ്ചാത്തലത്തിൽ അരൂർ നിയമസഭാംഗം നിയമസഭയിൽ സബ്മിഷൻ ഉന്നയിച്ചതിന്റെ മറുപടിയിൽ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ പള്ളിത്തോടിനെ ഉൾപ്പെടുത്തുമെന്ന് നൽകിയ ഉറപ്പ് പാലിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കവേ കൊല്ലപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം</u>

3295 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എത്ര മത്സ്യത്തൊഴിലാളികൾ കടലിൽവച്ച് മരണപ്പെടുകയുണ്ടായി ;

(ബി) ജില്ല തിരിച്ചും വില്ലേജ് തിരിച്ചും വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) അപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്ത് സഹായമാണ് നല്കിയിട്ടുള്ളത് ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭത്തിൽ നഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളി കൾക്ക് നഷ്ടപരിഹാരം</u>

3296 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ പെട്ട് വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നല്കാൻ വ്യവസ്ഥയുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അതു പ്രകാരം നഷ്ടപരിഹാരം നല്കുന്നുണ്ടോ ;

(സി) നഷ്ടപരിഹാരം ലഭിയ്ക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അർഹരായ എല്ലാവർക്കും നഷ്ടപരിഹാരം വിതരണം ചെയ്യാൻ നിർദ്ദേശം നല്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം</u>

3297 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് 1ന് ശേഷം സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ എത്രയെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത തൊഴിലാളികളിൽ എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേരെ കാണാതായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുളളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കുവാൻ നടപടി</u>

3298 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മറുപടി ലഭ്യമായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

ഫിഷറിസ് സ്കൂളുകളിൽ +2, വി.എച്ച്.എസ്.ഇ കോഴ്സുകൾ

3299 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ +2, വി.എച്ച്.എസ്.ഇ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ജി.ആർ.എഫ്.ടി.എച്ച്.എസ്സിൽ +2, വി.എച്ച്.എസ്.ഇ കോഴ്സുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ജി.ആർ.എഫ്.ടി.എച്ച്.എസ്സിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രഖ്യാപിച്ചിട്ടുളളതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവർത്തികളും പദ്ധതികളും ഏതെല്ലാമാണ് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

മഞ്ചേശ്വരത്ത് ഫിഷറീസ് ടെക്നിക്കൽ സ്കൂൾ ആരംഭിക്കാൻ നടപടി

3300 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫിഷറീസ് ടെക്നിക്കൽ സ്കൂൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഏറ്റവും പിന്നോക്കപ്രദേശമായ മഞ്ചേശ്വരത്ത് ഫിഷറീസ് ടെക്നിക്കൽ സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

3301 ശ്രീ. പി. ബി. അബ്ദുൾ റസാക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണം സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹാർബറിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) സമയബന്ധിതമായി പ്രസ്തുത ഹാർബർ നിർമ്മാണത്തിന് അനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ □
പാലം നിർമ്മാണം

3302 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം.ചിറ പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

എൻ. ബി. സി. എഫ്.സി മത്സ്യഫെഡിന് നൽകുന്ന ധനസഹായം

3303 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ബി. സി. എഫ്.സി മത്സ്യഫെഡിന് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം എന്തു തുകയാണ് പ്രസ്തുത ഏജൻസി മൽസ്യഫെഡിന് ലഭ്യമാക്കുന്നത്;

(സി) പ്രസ്തുത തുകയ്ക്ക് സർക്കാർ ഗ്യാരന്റി നിൽക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേയ്ക്കാണ് ഗ്യാരന്റി നിൽക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിന്റെ പ്രവർത്തനം</u>

3304 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കെ. എ. വി. ഐ. എൽ) എന്ന പേരിൽ പബ്ലിക് - പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി. പി. പി) ആയി കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്പനിയുടെ ചെയർമാൻ, വൈസ് ചെയർമാൻ സ്ഥാനത്തുള്ളവർ ആരൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനിയുടെ ഡയറക്ടർ ബോർഡിൽ സർക്കാരിൽ നിന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ആരൊക്കെയാണ് അംഗങ്ങളായിട്ടുള്ളതെന്നും പ്രൈവറ്റ് അംഗങ്ങൾ ആരൊക്കെയാണ് എന്നും അറിയിക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും കമ്പനിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നത് ആരാണെന്നും പ്രൈവറ്റ് അംഗങ്ങൾ എത്ര തുകവീതമാണ് കമ്പനിയിൽ മുതൽമുടക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ഓഹരി എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്പനിയുടെ ചെലവിൽ ആരെല്ലാം ഏതൊക്കെ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്; അതിന് ചെലവായ തുകയെത്ര എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കമ്പനിയിൽ ആകെ എത്ര ജീവനക്കാരാണുള്ളത്;

(ജി) കമ്പനിയിൽ വ്യാപകമായ അഴിമതി നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

(എച്ച്) പ്രസ്തുത കമ്പനിക്ക് 11.91 കോടി രൂപ വിവിധ കേന്ദ്ര-സംസ്ഥാന ഏജൻസികളിൽ നിന്നും സബ്സിഡിയായി ലഭിച്ചിട്ടുണ്ടോ;

(എച്ച്) ഇപ്പോൾ ഈ സ്ഥാപനത്തിന്റെ മേൽനോട്ടാധികാരം ഏത് ഉദ്യോഗസ്ഥനാണ് എന്ന് അറിയിക്കുമോ;

(ഐ) പി. പി. പി. ആയി തുടങ്ങിയ ഈ കമ്പനിയെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രസർക്കാരിന്റെ അന്തിമാനുമതി</u>

3305 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രസർക്കാരിന്റെ അന്തിമാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അന്തിമാനുമതി വൈകുന്നതിനുള്ള കാരണമെന്ത് ;

(സി) കേന്ദ്രസർക്കാരിന്റെ അനുമതിക്കുവേണ്ടി നാളിതുവരെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും കേന്ദ്രസർക്കാരിന്റെ പ്രതികരണവും സംബന്ധിച്ചുള്ള വിശദവിവരം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നടത്തിപ്പിന്റെ കരാർ

3306 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് കരാർ നൽകുന്നതിനായി റീടെൻഡർ ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖത്തിന്റെ ടെൻഡർ നടപടികൾ

3307 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പദ്ധതിയുടെ സമീപന രേഖയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ഡി.പി.ആറും, ടെൻഡർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇത് പി.പി.പി അടിസ്ഥാനത്തിലാണോ പി.പി.പി.പി. ആയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഇതിന്റെ പ്രവർത്തനഘടനയുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യാനുള്ള കാലതാമസം</u>

3308

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം കമ്മീഷൻ ചെയ്യാൻ ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

തുറമുഖങ്ങളുടെ നവീകരണവും തീരദേശ ഗതാഗത പാതയും

3309 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര തുറമുഖങ്ങളുണ്ട് ; ഇതിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവ എത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) അടിയന്തിരമായി നവീകരിക്കേണ്ട എത്ര തുറമുഖങ്ങളുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) തീരദേശ ഗതാഗത പാതയൊരുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ നടപടികൾ എത്ര കാലം കൊണ്ട് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>തുറമുഖവകുപ്പിന്റെ സ്ഥലം കയ്യേറിയത് സംബന്ധിച്ച് റിപ്പോര്‍ട്ട്</u>

3310 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ തുറമുഖവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങള്‍ സ്വകാര്യവ്യക്തികള്‍ കയ്യേറിയതുമായി ബന്ധപ്പെട്ട് റിപ്പോര്‍ട്ട് സമര്‍പ്പിക്കുന്നതിന്മേല്‍ തുറമുഖ വകുപ്പ് സെക്രട്ടറി എല്‍. രാധാകൃഷ്ണന്റെ നേതൃത്വത്തില്‍ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കമ്മിറ്റി സര്‍ക്കാരിന് റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ ;

(സി) എങ്കില്‍ റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങള്‍ സ്വകാര്യ വ്യക്തികള്‍ക്ക് പാട്ടത്തിന് അനുവദിച്ച നടപടി</u>

3311 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങള്‍ സ്വകാര്യ വ്യക്തികള്‍ക്ക് പാട്ടത്തിന് നല്‍കുന്നതിന് മുമ്പ് ജില്ലാ കളക്ടര്‍ ഉള്‍പ്പെട്ട സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കില്‍ കഴിഞ്ഞ 5 വര്‍ഷത്തിനകം ഇതിനായി കൂടിയ കമ്മിറ്റികളുടെ മിനിട്സിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം സമിതിയോഗം വിളിച്ചുചേര്‍ക്കാതെ ആര്‍ക്കെങ്കിലും സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങളും നല്‍കാനുണ്ടായ കാരണങ്ങളും ബന്ധപ്പെട്ട ഉത്തരവുകളുടെ പകര്‍പ്പും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം</u>

3312 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചേർത്തല അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും വൈകുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ ; ഇതിന്റെ നിർമ്മാണത്തിനും പൂർത്തീകരണത്തിനും അടിയന്തിര നടപടികൾ സർക്കാർ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി തുറമുഖ വികസനം</u>

3313 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി തുറമുഖ വികസനത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) തോട്ടപ്പള്ളി തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ്

3314 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി തുറമുഖ വകുപ്പിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ മുൻഗണനാപ്രകാരം അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള പദ്ധതികളുടെ പേര് വിവരവും പ്രതീക്ഷിത റിസൾട്ട് സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ ഫിഷിംഗ് ഹാര്‍ബറുകളുടെ നിര്‍മ്മാണം</u>

3315 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ഏതൊക്കെ ഫിഷിംഗ് ഹാര്‍ബറുകളുടെ നിര്‍മ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; വിശദാംശങ്ങള്‍ അറിയിക്കുമോ;

(ബി) പ്രസ്തുത ഹാര്‍ബറുകളുടെ നിര്‍മ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) കാസര്‍ഗോഡ് ഹാര്‍ബറിന്റെ നിര്‍മ്മാണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ തടസ്സങ്ങള്‍ നീക്കി കാസര്‍ഗോഡ് ഹാര്‍ബറിന്റെ പ്രവൃത്തി എന്ന് പൂര്‍ത്തിയാക്കാനാകും എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകൾ നവീകരിക്കാൻ പദ്ധതി

3316 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന മണമ്പൂർ, ചെറുന്നിയൂർ, വക്കം പഞ്ചായത്തുകളിൽ തീരദേശ റോഡുകൾ നവീകരിക്കുന്ന പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം റോഡുകൾ നവീകരിക്കുന്നുണ്ട്; വിശദമാക്കാമോ ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങുവാനും പൂർത്തീകരിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കേരള കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

3317 ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരള കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കിയതെന്നും തുടർന്ന് ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>യാത്രക്കാരുടെ ബാഗേജിൽ നിന്നുമുള്ള മോഷണം</u>

3318 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ടെർമിനലിൽ എത്തുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള യാത്രക്കാരുടെ ബാഗേജുകളിൽ നിന്നും സ്വർണ്ണമടക്കമുള്ള വിലയേറിയ സാധനങ്ങൾ കൊള്ളയടിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) വിമാനത്തിന്റെ ബാഗേജ് ഹോൾഡ് ഏര്യായിലും ഇത്തരത്തിൽ കൊള്ള നടത്താറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യവുമായി ബന്ധപ്പെട്ട് 2012 ഏപ്രിൽ മാസം എയർ പോർട്ട് അതോറിറ്റി വിളിച്ചുകൂട്ടിയ വിമാനകമ്പനികളുടെ പ്രതിനിധികളുടേയും സുരക്ഷാ ഏജൻസി തലവൻ, കസ്റ്റംസ് അടക്കമുള്ള ഉദ്യോഗസ്ഥരുടേയും യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ;

(ഇ) മോഷണശ്രമം നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളം - കേന്ദ്ര അനുമതി</u>

3319

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏത് കാര്യത്തിലാണ് ഇപ്പോൾ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇക്കാര്യത്തിൽ മുൻപ് കേന്ദ്ര സർക്കാരിൽ നിന്നുണ്ടായ തീരുമാനങ്ങളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഇപ്പോഴത്തെ തീരുമാനത്തെ തുടർന്ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) എയർപോർട്ട് നിലവിൽ വരുന്നതിനിടെ കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏതെങ്കിലും ഏജൻസികളിൽ നിന്നും ഇനി എന്തെങ്കിലും അനുവാദം ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും അവ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കണ്ണൂര്‍ എയര്‍പോര്‍ട്ട് - സഹകരണ സംഘത്തിന്റെ ബൈലോയും ഷെയര്‍കാപ്പിറ്റലും**

3320 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ എയര്‍പോര്‍ട്ട് നിര്‍മ്മാണവുമായി ബന്ധപ്പെട്ട സഹകരണസംഘത്തിന്റെ ബൈലോ സര്‍ക്കാരും എയര്‍പോര്‍ട്ട് കമ്പനിയും അംഗീകരിച്ചിട്ടുള്ളതാണോ;

(ബി) സംഘത്തിന്റെ ആതറൈസ്ഡ് ഷെയര്‍കാപ്പിറ്റല്‍ എത്ര കോടി രൂപയുടേതാണ് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മദ്യപാനത്തിനെതിരെയുള്ള ബോധവല്‍ക്കരണം</u>

3321 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സാമ്പത്തിക വര്‍ഷത്തില്‍ മദ്ധ്യപാനത്തിനെതിരെ എന്തൊക്കെ ബോധവല്‍ക്കരണ പരിപടികളാണ് നടത്തുവാന്‍ ഉദ്ദേശിക്കുന്നത്;

(ബി) മദ്യപാനത്തിനെതിരായ ബോധവല്‍ക്കരണ പരിപാടികള്‍ക്ക് ഈ സാമ്പത്തികവര്‍ഷം എന്തു തുക നീക്കിവച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

വിദേശമദ്യവിതരണം സർക്കാർ നയം

3322 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ മദ്യ വിതരണം സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വിദേശ മദ്യ ഷാപ്പുകൾ അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ബാർ ഹോട്ടലുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കള്ളുചെത്ത് വ്യവസായം നേരിടുന്ന തകർച്ച</u>

3323 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ; പ്രസ്തുത തീരുമാനം എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) ലൈസൻസ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുന്നത് കള്ളുചെത്ത് വ്യവസായത്തിന്റെ തകർച്ചയ്ക്കും നാശത്തിനും കാരണമാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന കള്ളുചെത്ത് വ്യവസായം തകർച്ചയെ നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉദയഭാനു കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കി ഈ മേഖലയെ പരിരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ബാറുകൾ</u>

3324 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിരുദ്ധമായി ബാറുകൾ പ്രവർത്തിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുവെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ബാറുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ബാറുകളുടെ ദൂരപരിധി</u>

3325 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാറുകളുടെ ദൂരപരിധി പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പുതിയ ചട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ പ്രചരണ പരിപാടികൾ</u>

3326 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മദ്യത്തിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള പ്രചരണ സംവിധാനങ്ങൾ എന്തൊക്കെയാണ് ; ഇതിനായി എന്തു തുകയാണ് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത് ; ഇതിനകം എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മാതൃകാ കള്ളുഷാപ്പുകൾ</u>

3327 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ കള്ളുഷാപ്പുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇവയുടെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ ലേലത്തിൽ പോയ ഷാപ്പുകൾ</u>

3328 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര കളള് ഷാപ്പുകളാണ് നിലവിലുളളത് ; അവയിൽ എത്രയെണ്ണം ലേലത്തിൽ പോയി എന്ന് വ്യക്തമാക്കുമോ?

(ബി) ജില്ലയിൽ മദ്യദുരന്തം നടന്ന ഷാപ്പുകൾ ലേലത്തിൽ വിറ്റുപോയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ ഷാപ്പുകളെ കരിമ്പട്ടികയിൽപ്പെടുത്തി ഇനിയൊരിക്കലും പുനർലേലം ചെയ്യുതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കള്ള് ഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി</u>

3329

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷമായി ചേർപ്പ്, തൃശൂർ റേഞ്ചുകളിലെ കള്ള് ഷാപ്പുകൾ അടച്ചിട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ള് ഷാപ്പുകൾ അടച്ചതുമൂലം ഈ മേഖലയിലെ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഷാപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മുതലമടയിൽ ഡിസ്റ്റിലറി</u>

3330 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതലമടയിൽ ഡിസ്റ്റിലറി അനുവദിക്കുന്നത് സംബന്ധിച്ച് 09.05.2012ന് മുഖ്യമന്ത്രി നടത്തിയ വാർത്താസമ്മേളനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ 29.03.2012ന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 52/12/റ്റി.ഡി നമ്പർ ഉത്തരവിന് വിരുദ്ധമാണോ പ്രസ്തുത പരാമർശം എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി ഡിസ്റ്റിലറിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കില്ലെന്ന് മുഖ്യമന്ത്രി പറയാനുണ്ടായ സാഹചര്യമെന്താണ് ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിന് ഇടയാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മുതലമടയിൽ ഡിസ്റ്റിലറി</u>

3331 ശ്രീ. എ.കെ. ബാലൻ
ശ്രീമതി കെ.എസ്.സലീഖ
,, എം. ഹംസ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം നേരിടുന്ന മുതലമട പ്രദേശത്ത് ഡിസ്റ്റിലറി സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ചട്ടം ഭേദഗതി ചെയ്തുകൊണ്ടാണോ സ്വകാര്യ ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളത്; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളിന്മേലാണ് ഭേദഗതി നടത്തിയത്;

(സി) നിലവിലുള്ള ഡിസ്റ്റിലറിയുടെ ഉൽപ്പാദനശേഷിയും പുതുതായി സ്ഥാപിക്കാൻ അനുമതി നൽകിയ ഡിസ്റ്റിലറിയുടെ ശേഷിയും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ എത്ര ശതമാനം?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ
അടച്ചു പൂട്ടിയ ഡിസ്റ്റിലറി

3332 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂരിൽ അടച്ചു പൂട്ടിയ ഡിസ്റ്റിലറി മാറ്റി സ്ഥാപിക്കുന്നതിനായി ഉടമകൾ വാങ്ങിയ സ്റ്റേ ഉത്തരവിനെതിരെ സർക്കാർ ഹൈക്കോടതിയെ സമീപിച്ചിരുന്നോ ;

(ബി) ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഡിസ്റ്റിലറിയുടെ പ്രവർത്തനം സംബന്ധിച്ച് ഇപ്പോൾ ഹൈക്കോടതി പുറപ്പെടുവിച്ച വിധി എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മുണ്ടിയെരുമയിൽ എക്സൈസ് നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ്</u>

3333 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മുണ്ടിയെരുമയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എക്സൈസ് നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഓഫീസ് അടിമാലിയിലെ വാടക കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ എക്സൈസ് കേസ്സുകൾ നടക്കുന്ന കേരള-തമിഴ്നാട് ചെക്ക്പോസ്റ്റുകളായ ബോഡിമെട്ട്, കമ്പംമെട്ട്, കുമ്മി എന്നിവയോട് ഏറ്റവും ചേർന്നുകിടക്കുന്ന മുണ്ടിയെരുമയിലെ സ്വന്തം കെട്ടിടത്തിലേക്ക് പ്രസ്തുത ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?